MWS.17

തിരുവനന്തപുരം വിദ്യാഭ്യാസജില്ല

മലയാളം - അടിസ്ഥാനപാഠാവലി

ക്ലാസ്സ് 10 - കോഴിയും കിഴവിയും

## പ്രവർത്തനം.1

### ഒറ്റവാക്കിൽ ഉത്തരമെഴുതുക

1. "ഈ പറമ്പിലിനി വല്ലതുമുണ്ടോ ബാക്കി.എന്തു നട്ടാലും നശിപ്പിക്കുന്ന ഒരു കോഴി". ഈ വാക്കുകളിൽ പ്രകടമാകുന്ന വികാരമെന്ത്?

(കരുണ,അമർഷം,ഭക്തി)

### രണ്ടു വാക്യത്തിൽ ഉത്തരമെഴുതുക

2. "അടുത്ത പ്രഭാതത്തിൽ അയൽ വീടുകളിൽ കോഴികൂകിയപ്പോൾ,ചത്തകോഴി, ദഹിച്ചു പക്വാശയത്തിലെത്തിയ കോഴി, മത്തായി മാർഗ്ഗേണ കൂകി": "നോക്കിക്കോ" - കോഴിയെ കറിവച്ചു കഴിഞ്ഞ മത്തായിയുടെ ചിന്തകൾ എന്തായിരുന്നു?

3."നിങ്ങളാ കൊതിയമ്മാര്" –അയൽക്കാർ എന്തിനെയൊക്കെ 'കൊതിച്ചു' എന്നാണ് കുട്ടി സൂചിപ്പിക്കുന്നത്?

**പ്രവർത്തനം.2**

കുറിപ്പ് തയ്യാറാക്കുക

"ആ വീട്ടുകാരുടെ ഇടയിൽ ഒരഗ്നിപർവ്വതം പൊട്ടറായി നിൽക്കുകയാണ്.താമസിയാതെ പൊട്ടും.അതിൽ രണ്ടു കുടുംബങ്ങളും തകർന്നെന്നു വരാം"

❖ അഗ്നിപർവ്വതം പൊട്ടിയിട്ടും കഥ നന്മയിലും പ്രതീക്ഷയിലും അവസാനിപ്പിക്കുകയാണ് കാരൂർ.കുറിപ്പ് തയ്യാറാക്കുക (അരപ്പുറം)

❖ സൂചനകൾ

- കോഴിയുണ്ടാക്കിയ പോലീസ് കേസ്
- മത്തായിയുടെ അമ്മയുടെ നന്മ
- കുട്ടികളുടെ സ്നേഹം അടുത്ത തലമുറയെക്കുറിച്ചുള്ള പ്രതീക്ഷയാകുന്നു.
- സ്വന്തം അഭിപ്രായം



**പ്രവർത്തനം.3**

**വിലയിരുത്തൽക്കുറിപ്പ് തയ്യാറാക്കുക**

"അയലുഴപ്പതിനായി പ്രയത്നം
നയമറിയും നരനാചരിച്ചിടണം" -ശ്രീനാരായണഗുരു

(ദയയുള്ള മനുഷ്യൻ അയൽപക്കം നന്നായിരിക്കാൻ അതിപ്രയത്നം ചെയ്യണം.)

❖ മത്തായിയും മർക്കോസും ഗുരുവിന്റെ സങ്കൽപ്പമനുസരിച്ചുള്ള അയൽപക്കക്കാരായിരുന്നോ? വിലയിരുത്തൽക്കുറിപ്പ് തയ്യാറാക്കുക (ഒന്നരപ്പുറം)

❖ സൂചനകൾ

- മർക്കോസിന്റെ അച്ഛനും മത്തായിയുടെ അമ്മയും അയൽക്കാരായിരുന്നപ്പോൾ
- മത്തായിയും മർക്കോസും അയൽക്കാരായിരുന്നപ്പോൾ
- മത്തായിയുടെ അമ്മയുടെ ഇപ്പോഴത്തെ നിലപാട്
- കുട്ടികളുടെ സ്നേഹബന്ധം



❖ വിലയിരുത്തൽക്കുറിപ്പ് സൂചനകൾ

- അവതരണമികവ്
- ചമൽക്കാരഭംഗി
- സ്വന്തം അഭിപ്രായം
- ഉചിതമായ ഭാഷ